**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 349** **04.06.2018-ൽ മറുപടിക്ക്**

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകൾ

| **ചോദ്യം**<br>**ശ്രീ. അബ്ദുൾ ഹമീദ്.പി.** | | **മറുപടി**<br>**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിൽ എത്ര വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | 1. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ആലപ്പുഴയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി.<br>2. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, ആലപ്പുഴ.<br>3. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി - വൈറോളജി സംബന്ധിച്ച പഠനങ്ങളും പരിശോധനകളും നടത്തുന്നുണ്ട്. കൂടാതെ തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്കിൽ അത്യന്താധുനിക സൗകര്യങ്ങളോടെ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് . |
| (ബി) | ആലപ്പുഴ ജില്ലയിൽ സ്ഥാപിച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ആവശ്യത്തിന് ജീവനക്കാരോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ഇല്ലെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ഇല്ല.<br>ആലപ്പുഴ ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ മൂന്ന് സയന്റിസ്റ്റുകളും, ഏഴ് ടെക്നീഷ്യന്മാരും, രണ്ട് എഞ്ചിനിയറിംഗ് സപ്പോർട്ട് സ്റ്റാഫും, ഒരു അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫും, രണ്ടു ഡ്രൈവർമാരും, അഞ്ച് പ്രൊജക്ട് സ്റ്റാഫുകളും പ്രവർത്തിക്കുന്നുണ്ട്. മാരകമായ പല വൈറസ് രോഗങ്ങളും നിർണ്ണയിക്കുന്നതിന് ആവശ്യമായ റീ-ഏജന്റുകളും ഉപകരണങ്ങളും അനുബന്ധ സംവിധാനങ്ങളും ഉണ്ട്. കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിനെ ലോക നിലവാരത്തിലേക്ക് ഉയർത്തി കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (ഡി) | മലബാർ മേഖലയിൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**